**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3184 07.11.2019 ൽ മറുപടിയ്ക്ക്**

**ചെറുവള്ളി എസ്റ്റേറ്റ് ശബരിമല വിമാനത്താവളത്തിനായി ഏറ്റെടുക്കൽ**

| ചോദ്യം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2013 ലെ കേന്ദ്ര ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ശബരിമല വിമാനത്താവളം നിർമ്മിക്കുന്നതിനായി ചെറുവള്ളി എസ്റ്റേറ്റിന്റെ എത്ര ഏക്കർ സ്ഥലമാണ് വിലകൊടുത്ത്ഏറ്റെടുക്കുന്നത്; | (എ) നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt Ltd എന്ന സ്ഥാപനം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. വിമാനത്താവള നിർമ്മാണത്തിനായി ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ ഭൂമി വിലക്ക് വാങ്ങുന്നതിന് പകരം നഷ്ടപരിഹാരം കോടതിയിൽ കെട്ടിവെച്ച് ഏറ്റെടുക്കുന്ന കാര്യമാണ് പരിഗണിച്ച് വരുന്നത്. |
| (ബി) | പ്രസ്തുത എസ്റ്റേറ്റ് ഹാരിസൺ മലയാളം പ്ലാന്റേഷന് സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയാണോ; എങ്കിൽ സർക്കാർ പാട്ടത്തിന് കൊടുത്ത ഭൂമി സർക്കാർ തന്നെ വില കൊടുത്ത് വാങ്ങുന്നത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ? | (ബി) നിർദ്ദിഷ്ട ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിനായി കണ്ടെത്തിയിട്ടുള്ള കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ, മണിമല, എരുമേലി വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന 2263 ഏക്കർ ഭൂമി 2005-ൽ M/s. ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനത്തിനു വിൽപ്പന നടത്തിയ തോട്ടം ഭൂമിയാകുന്നു. സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ ഭരണാധികാരികളും സ്വകാര്യ വ്യക്തികളും പാട്ടമായും ഗ്രാന്റായും റബ്ബർ കൃഷിക്കായി ബ്രിട്ടീഷ് പൗരൻമാർക്കും കമ്പനികൾക്കും നൽകിയ ഭൂമി, പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട്കൈമാറ്റം |

| | | |
|---|---|---|
| | | ചെയ്തതും ഉടമസ്ഥത സ്ഥാപിക്കാതെ ഭൂമി വിൽപ്പന നടത്തിയതും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയമിതനായ സ്പെഷ്യൽ ഓഫീസർ ചെറുവള്ളി എസ്റ്റേറ്റ് അടക്കം ഹാരിസൺ കമ്പനിയുടെ കൈവശമുള്ളതും വിൽപ്പന നടത്തിയിട്ടുള്ളതുമായ 38171 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. 11-4-2018 ലെ WP(C) 33122/2014 &Ors കേസുകളിലെ ബഹു. ഹൈക്കോടതിയുടെ വിധന്യായ പ്രകാരം സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്തുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാമെന്നും ബഹു. കോടതി നിർദ്ദേശിച്ചിരുന്നു. ഹാരിസൺ മലയാളവും അവരുടെ മുൻഗാമികളും അവരിൽ നിന്ന് ഭൂമി നേടിയവരും കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥത സർക്കാരിനാണെന്നു സ്ഥാപിക്കുന്നതിനായി ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകികൊണ്ട് 6-6-2019-ൽ സ.ഉ. (കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉടമസ്ഥത സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ അന്തിമ വിധിക്കു വിധേയമായി മാത്രമേ ടി ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാലാണ് 2013 ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വസിഷൻ റിഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് ആക്ടിലെ സെക്ഷൻ 77(2) പ്രകാരം ചെറുവള്ളി എസ്റ്റേറ്റ് ശബരിമല വിമാനത്താവള നിർമ്മാണത്തിനായി നഷ്ടപരിഹാര തുക കോടതിയിൽ കെട്ടിവച്ച് ഏറ്റെടുക്കുന്നത് സർക്കാർ പരിഗണിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ